ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 204 കേസുകൾ കണ്ടുപിടിച്ചിട്ടുണ്ട്.

(സി) ചാരായം, സ്റ്റാർച്ച്, ഡയസോഫാം, കഞ്ചാവ്, ഫിനോബാർബിറ്റോൺ, ടോക്സിക് ഓർഗാനോ പോസ്ഫറസ് എന്നിവ കള്ളിൽ ചേർന്നിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്.

(ഡി) ഡയസോഫാം ഇത് സൈക്കോട്രോഫിക് സബ്സ്റ്റൻസിൽ വരുന്നു.

(ഇ) 1996-97 വർഷം എറണാകുളം ജില്ലയിൽ മൂവാറ്റുപുഴ റേഞ്ചിൽ 92,93 എന്നീ കള്ളുഷാപ്പുകളുടെ ലൈസൻസും 1997-98 വർഷം കൊല്ലം റെയിഞ്ചിലെ എല്ലാ കള്ളുഷാപ്പുകളുടെ ലൈസൻസും തൃശൂർ ജില്ലയിലെ അന്തിക്കാട്, ചേർപ്പ്, തൃശൂർ എന്നീ റേഞ്ചുകളിലെ എല്ലാ കള്ളുഷാപ്പുകളുടെ ലൈസൻസും കള്ളിൽ ഡയസോഫാം കണ്ടെത്തിയതിന്റെ പേരിൽ ക്യാൻസൽ ചെയ്തിട്ടുണ്ട്. കൂടാതെ ഫിനോബാർബിറ്റോൺ കള്ളിൽ കണ്ടെത്തിയതിനെ തുടർന്ന് 97-98 ൽ മൂവാറ്റുപുഴ റേഞ്ചിലെ 116-ാം നമ്പർ കള്ളുഷാപ്പിന്റെ ലൈസൻസ് ക്യാൻസൽ ചെയ്തിട്ടുണ്ട്.

(എഫ്) 92 കേസുകൾ.

14 (1055) അടിസ്ഥാന സൗകര്യവികസനത്തിനായി സമാഹരിച്ച തുക

ശ്രീ. വി.ജെ. പൗലോസ് :
ശ്രീ. ഇ.എം. അഗസ്തി :
ശ്രീ. കെ.സി. വേണുഗോപാൽ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അടിസ്ഥാനസൗകര്യ വികസനത്തിന് കൂടുതൽ തുക സമാഹരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

15 (1056) നിക്ഷേപം ആകർഷിക്കാൻ പദ്ധതി

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ സർക്കാർ മേഖലയിൽ നിക്ഷേപങ്ങൾ ആകർഷിക്കാൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly